പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.4907

27.10.2016-ൽ

മറുപടിക്ക്

## വയൽ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വർഷങ്ങൾക്ക് മുമ്പ് വയൽ ഭൂമിയായിരുന്നു എന്ന കാരണത്താൽ പ്രസ്തുത ഭൂമിയിൽ വീട് വെക്കാൻ കഴിയാത്ത ഒട്ടനേകം പേർ സംസ്ഥാനത്തുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വയൽ ഭൂമിയിൽ അഞ്ചു സെന്റ് നികത്തി വീട് വെക്കുന്നവർക്ക് അനുമതി നൽകേണ്ട നഞ്ച കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ; | (ബി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിക്ക് 3(1)-ാം ഉപ വകുപ്പ് പ്രകാരം നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ 10 സെന്റും, മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റ് നെൽവയൽ നികത്തുന്നതിന് അനുമതി നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. |
| (സി) | തരംമാറ്റിയ ഭൂമിവിലയുടെ 25 ശതമാനം തുക സർക്കാരിലേക്കടച്ച് വീട് വെക്കാൻ അനുമതി നൽകുന്ന കാര്യം പരിഗണന യിലുണ്ടോ; | (സി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുമ്പ് അനധികൃതമായി പരിവർത്തന പ്പെടുത്തിയ നെൽവയലുകൾക്ക് ന്യായ വിലയുടെ 25% തുക ഫീസ് ആയി ഈടാക്കി ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിരുന്ന നിയമഭേദഗതി പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇല്ലെങ്കിൽ തരംമാറ്റിയ ഭൂമിയിൽ വീട് വെക്കുന്നതിനും വെച്ച വീടുകൾക്ക് കെട്ടിട നമ്പർ നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ? | (ഡി) | കൃഷി ഭൂമി വ്യവസ്ഥകൾക്കു വിധേയമായി മറ്റ് ആവശ്യങ്ങൾ ക്കായി പരിവർത്തനപ്പെടുത്തുന്ന തിനായി അനുമതി നൽകുവാൻ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിൽ വ്യവസ്ഥയുണ്ട്. കൂടാതെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ, ടി നെൽ വയലിന്റെ ഉടമസ്ഥന് വീടു വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി ഇല്ലാത്ത പക്ഷം പഞ്ചായത്ത് ഏരിയയിൽ പത്തും. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഏരിയയിൽ അഞ്ച് സെന്റും നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകു വാൻ ടി നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ മുൻകൂർ അനുമതിയില്ലാതെ വച്ച വീടുകൾക്ക് നമ്പർ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ